പത്രപ്രസ്താവന

# രാജ്ഭവനുമുമ്പിൽ ധർണ്ണ

ആൾ ഇന്ത്യാ പബ്ലിക് സെക്ടർ ആൻഡ് സെൻട്രൽ ഗവൺമെന്റ് ഓഫീസേഴ്സ് കോൺഫെഡറേഷൻ (AIPCOC) പൊതുമേഖല വ്യവസായസ്ഥാപനങ്ങളിലേയും പൊതു മേഖലാബാങ്കുകളിലേയും, ബി.എസ്.എൻ.എൽ, റെയിൽവേ തുടങ്ങിയ പൊതുമേഖലാ സേവന സ്ഥാപനങ്ങളിലേയും എൽ.ഐ.സി പോലുള്ള ഇൻഷുറൻസ് കമ്പനികളിലേയും കേന്ദ്രഗവൺമെന്റ് സർവ്വീസിലെ ഗസറ്റഡ് ഓഫീസേഴ്സിന്റെയും കൂട്ടായ്മയായി രൂപീകൃതമായ ഓഫീസർമാരുടെ സംഘടനയാണ്.

2018 ഏപ്രിൽ 8-ന് വിശാഖപട്ടണത്ത് വച്ചുകൂടിയ "AIPCOC"ന്റെ ദേശീയ സമിതി മേയ് 14-ന് എല്ലാസംസ്ഥാനങ്ങളിലും ധർണ്ണ സംഘടിപ്പിക്കാനും ജൂൺ 15-ന് പ്രധാനമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് ചെയ്യാനും തീരുമാനിക്കുകയുണ്ടായി.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ വളർച്ചയിൽ നിർണ്ണായക സ്ഥാനമാണ് കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങൾ വഹിച്ചിട്ടുള്ളത്. ലോകമാകമാനം സാമ്പത്തിക മാന്ദ്യത്തിലകപ്പെട്ട് ആടിയുലഞ്ഞപ്പോഴും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞത് ഇന്ത്യൻ പൊതുമേഖലയുടെ പിൻബലം കാരണമാണ്. ഇന്ത്യൻ പ്രധാനമന്ത്രി തന്നെ പൊതു പ്രസ്താവന നടത്തിയ കാര്യമാണിത്. എന്നാൽ ഈ നേട്ടങ്ങളെയെല്ലാം തൃണവൽക്കരിച്ചുകൊണ്ട് പൊതുമേഖലാസ്ഥാപനങ്ങളെ ഒന്നൊന്നായി വിറ്റു തുലയ്ക്കുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്ന നയസമീപനങ്ങളാണ് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ദേശീയ സമ്പത്ത് സ്വകാര്യവൽക്കരിക്കുകയും സ്വകാര്യനഷ്ടം ദേശവൽക്കരിക്കുകയും ചെയ്യുന്ന നയമാണ് ഗവൺമെന്റ് പിൻതുടരുന്നത്. BSNL, HLL, HNL തുടങ്ങിയ മഹത്സ്ഥാപനങ്ങൾ വിറ്റഴിക്കുകയും കിട്ടാക്കടമെന്ന പേരിൽ സ്വകാര്യ കുത്തക മുതലാളിമാരുടെ ബാദ്ധ്യതയായ 2.5 ലക്ഷം കോടി രൂപ എഴുതിത്തള്ളുകയും ചെയ്യുന്നതിലൂടെ ഗവൺമെന്റ് സാദ്ധ്യമാക്കുന്നത് ഈ നയമാണ്.

പത്തുവർഷക്കാലത്തിന് ശേഷം നടപ്പിലാക്കുന്ന ശമ്പളപരിഷ്കരണത്തിനായി കാത്തിരുന്ന പൊതുമേഖല ജീവനക്കാരോട് ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ "Affordability Clause" ഉൾപ്പെടുത്തുക വഴി ശമ്പളനിഷേധമാണ് നടത്തിയിരിക്കുന്നത്. കഴിഞ്ഞ 20 വർഷത്തിലേറെയായി ശമ്പളപരിഷ്കരണം നടപ്പിലാക്കാതെ കേരളത്തിൽ തന്നെയുള്ള പൊതു മേഖല സ്ഥാപനങ്ങളാണ് ഐ.ടി.ഐ.ലിമിറ്റഡും, എച്ച്.എം.ടി.കളമശ്ശേരി യൂണിറ്റും, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും. ബാങ്കിംഗ് മേഖലയിലും ഇൻഷുറൻസ് മേഖലയിലും ശമ്പളപരിഷ്കരണം നടപ്പിലാക്കേണ്ട കാലമായിട്ടും ചർച്ചകളിൽ യാതൊരു പുരോഗതിയും ഇല്ല.

കേന്ദ്രഗവൺമെന്റ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം ചരിത്രത്തിലെ ഏറ്റവും മോശമായ ശമ്പളപരിഷ്കരണമാണ് 2016-ൽ നടപ്പിലാക്കിയത്. അനുബന്ധകാര്യങ്ങളിലാകട്ടെ ആശാവഹമായ തീരുമാനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടുമില്ല. മൊത്തത്തിൽ പൊതുമേഖലയിലും കേന്ദ്രഗവൺമെന്റ് ജീവനക്കാരുടെയുമിടയിൽ അസംതൃപ്തിയാണ്

Scanned by CamScanner

വളർന്നുവരുന്നത്.

ഈ സാഹചര്യത്തിലാണ് ഏപ്രിൽ എട്ടിന് വിശാഖപട്ടണത്ത് കൂടിയ "AIPCOC" ദേശീയ സമിതി ഇത്തരമൊരു സമരതീരുമാനം കൈകൊണ്ടത്.

1 പൊതുമേഖല സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക.

2 "Affordability Clause" നീക്കം ചെയ്ത് എല്ലാ കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളിലുംശമ്പളപരിഷ്കരണം നടപ്പിലാക്കുക.

3. ബാങ്കുകളിലെ ശമ്പളപരിഷ്കരണ സ്കെയിൽ പരിമിതി ഇല്ലാതെയും Affordability Clause ഇല്ലാതെയും നടപ്പിലാക്കുക.

4. എല്ലാവർക്കും പെൻഷൻ ഉറപ്പാക്കുക.

5 ടാക്സ് നിയമങ്ങളിൽ ഗവൺമെന്റ് ജീവനക്കാർക്കൊപ്പം ഇതര പി.എസ്.യൂ, ബാങ്കിംഗ് ജീവനക്കാർക്കും തുല്യത ഉറപ്പാക്കുക.

ഈ സമരത്തിൽ കേരളത്തിലെ കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളായ FACT, Cochin Shippard, HML, HIL, HOCL, IRE, HLL, ITI Ltd, BPCL, NTC Instrumentation Ltd തുടങ്ങിയ കമ്പനികളിലെ ഓഫീസർമാരും വിവിധ പൊതുമേഖല ബാങ്കുകളിലെ ഓഫീസേഴ്സും BSNL ഓഫീസേഴ്സ്, LIC തുടങ്ങിയ Insurance Company കളിലെ ഓഫീസേഴ്സും സെൻട്രൽ ഗവൺമെന്റ് ഗസറ്റഡ് ഓഫീസേഴ്സും അണിനിരക്കുന്നതാണ്.

ധർണ്ണയോടനുബന്ധിച്ച് ചേരുന്ന പൊതുയോഗത്തിൽ ബഹുമാനപ്പെട്ട എം.പി.ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ, സി.ഐ. റ്റി. യു ജില്ലാ പ്രസിഡന്റ് ശ്രീ.സി. ജയൻ ബാബു, ഐ. എൻ.റ്റി.യു.സി.ജില്ലാപ്രസിഡന്റ് ശ്രീ. വി.ആർ.പ്രതാപൻ, എ. ഐ. റ്റി. യു. സി സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റി മെമ്പർ ശ്രീ. എം. ജി. രാഹുൽ എന്നിവർ അഭിസംബോധന ചെയ്യും.

പ്രസിഡന്റ്

സെക്രട്ടറി

Scanned by CamScanner